/

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- ജീവനക്കാര്യം - ആശ്രിത നിയമനം നൽകണമെന്നാവശ്യപ്പെട്ട് കുമാരി. അനിഷ്മ. കെ.പി ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത റ്റി.എ നം. 1118/13 നമ്പർ കേസ്സിന്മേലുള്ള വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്

സ.ഉ (കൈ) നം. **247/2017/തസ്വഭവ** തീയതി,തിരുവനന്തപുരം, **11.12.2017**

---

പരാമർശം:- 1) സ.ഉ (സാധാ) നം. 12/1999/ഉഭപവ, തീയതി 24.05.1999.

2) കുമാരി. അനിഷ്മ. കെ.പി ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത റ്റി.എ നം. 1118/13 നമ്പർ കേസ്സിന്മേലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 07.10.2016 ലെ ഉത്തരവ്.

3) കുമാരി. അനിഷ്മ. കെ.പി യുടെ 22.08.2016 ലെ നിവേദനം.

4) പഞ്ചായത്ത് ഡയറക്ടറുടെ 27.01.2017, 23.10.2017 തീയതികളിലെ ഇ 14-17422/2012 നമ്പർ കത്ത്.

5) മരുതോങ്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 19.03.2012 ലെ എ 3-2211/12 നമ്പർ കത്ത്.

## ഉത്തരവ്

ആശ്രിത നിയമനം നൽകണമെന്നാവശ്യപ്പെട്ട് കുമാരി. അനിഷ്മ. കെ.പി ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത റ്റി.എ നം. 1118/13 ഉത്തരവിൽ പരാതിക്കാരിയായ കുമാരി. അനിഷ്മ. കെ.പി പരാമർശം (3) പ്രകാരം (അനക്സർ എ 10) സമർപ്പിച്ച നിവേദനം പരിശോധിച്ച് അപേക്ഷകയെ നേരിൽ കേട്ടതിന് ശേഷം ഉത്തരവിന്റെ തീയതി മുതൽ മൂന്ന് മാസത്തിനുള്ളിൽ തീരുമാനമെടുക്കണമെന്ന് പരാമർശം (2) പ്രകാരം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഉത്തരവായിരുന്നു.

അപേക്ഷകയായ കുമാരി. അനിഷ്മയുടെ മാതാവ് ശ്രീമതി. രോഹിണി മരണപ്പെട്ടതിനെത്തുടർന്ന് ടിയാളുടെ പിതാവ് ശ്രീ. രാജൻ, കോഴിക്കോട് ജില്ലയിലെ മരുതോങ്കര ഗ്രാമപഞ്ചായത്തിൽ ശിപായിയായി ജോലി ചെയ്തിരുന്ന ശ്രീമതി. സി.എൻ. ചന്ദ്രിയെ വിവാഹം കഴിക്കുകയും ടിയാൾ മരണപ്പെട്ടതിനെത്തുടർന്ന് ടിയാളുടെ സംരക്ഷണയിൽ കഴിഞ്ഞിരുന്ന കുമാരി. അനിഷ്മ. കെ.പി ആശ്രിത നിയമന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് കോഴിക്കോട് ജില്ലയിലെ മരുതോങ്കര ഗ്രാമപഞ്ചായത്തിൽ അപേക്ഷ നൽകുകയുണ്ടായി. എന്നാൽ ലീഗൽ ഹെയർഷിപ്പ് സർട്ടിഫിക്കറ്റിൽ ശ്രീമതി. അനിഷ്മയുടെ പേര് ഉൾപ്പെട്ടിരുന്നില്ല എന്ന കാരണത്താൽ ടിയാളുടെ അപേക്ഷ പരാമർശം (5) പ്രകാരം നിരസിച്ചുവെന്നും ഇതിനെതിരെ ടിയാൾ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ T.A No. 1118/13 [WP(C)/OP No. 13561/2012] പ്രകാരം കേസ് ഫയൽ ചെയ്യുകയുമുണ്ടായി.

കുമാരി. അനിഷ്മ. കെ.പി യുടെ പിതാവ് രണ്ടാമത് വിവാഹം കഴിച്ച ശ്രീമതി. ചന്ദ്രി കോഴിക്കോട് ജില്ലയിലെ മരുതോങ്കര ഗ്രാമപഞ്ചായത്തിൽ ശിപായിയായി ജോലി നോക്കിവരവെ 20.09.2009 ൽ മരണപ്പെടുകയുണ്ടായി. ആയതിനാൽ ശ്രീമതി. ചന്ദ്രിയുടെ സംരക്ഷണയിൽ കഴിഞ്ഞിരുന്ന തനിക്ക് ആശ്രിതനിയമന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് 03.01.2011 ൽ പഞ്ചായത്തിൽ അപേക്ഷ നൽകിയിരുന്നുവെന്നും എന്നാൽ ലീഗൽ ഹെയർഷിപ്പ് സർട്ടിഫിക്കറ്റിൽ ടിയാൾ ഉൾപ്പെട്ടിരുന്നില്ല എന്ന കാരണത്താൽ ടിയാളുടെ അപേക്ഷ പരാമർശം (5) പ്രകാരം നിരസിച്ചുവെന്നും അനന്തരാവകാശികൾക്കുള്ള നിയമനമല്ലാതെ മറിച്ച് ആശ്രിതർക്കായുള്ള നിയമനത്തിനാണ് ടിയാൾ അപേക്ഷ നൽകിയത് എന്നതിനാൽ ശ്രീമതി. ചന്ദ്രിയെ ആശ്രയിച്ച് ജീവിച്ചിരുന്ന തനിക്ക് ആശ്രിത നിയമ പ്രകാരം ലഭിക്കേണ്ട ജോലി നൽകണമെന്നാണ് പരാമർശം (3)ൽ അപേക്ഷക ആവശ്യപ്പെട്ടിരുന്നത്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം(1) ഉത്തരവിലെ 14(എ) പ്രകാരം Step daughter ന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലിയ്ക്ക് അർഹതയില്ലാത്തതിനാൽ ശ്രീമതി. അനിഷ്മ. കെ.പി അനക്സർ (എ 10) പ്രകാരം സമർപ്പിച്ച നിവേദനം നിരസിച്ച് ഉത്തരവാകുന്നു.

പരാമർശം (1) പ്രകാരമുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 07.10.2016 ലെ ഉത്തരവ് ഇപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫൻ**
ഗവ. ഡെപ്യൂട്ടി സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരളം, എറാണകുളം. (ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
സെക്രട്ടറി, മരുതോങ്കര ഗ്രാമപഞ്ചായത്ത്, കോഴിക്കോട്.
ശ്രീമതി. അനിഷ്മ. കെ.പി, കുഞ്ഞിപ്പറമ്പിൽ വീട്, പലേരി. പി.ഒ, കുറ്റ്യാടി വഴി, കോഴിക്കോട്.
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
ഡയറക്ടർ, ഐ.കെ.എം (തദ്ദേശസ്വയംഭരണവകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ (ഫയൽ നം. 992963/ഇപിഎ 3/2016/തസ്വഭവ).

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ